പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 827

11/03/2015 -ൽ
മറുപടിയ്ക്കു്

**മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. ടി.വി. രാജേഷ് | | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാഡമി തുടങ്ങുന്നതിന് ഭരണാനുമതി ലഭിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞിട്ടും അക്കാഡമിയുടെ പ്രവർത്തനം ആരംഭിക്കാത്തതും കോഴ്സുകൾ തുടങ്ങാത്തതും എന്തു കൊണ്ടെന്ന് വിശദമാക്കുമോ; | എ) | നിർദ്ദിഷ്ട ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് 12/06/2014 -ൽ ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട കക്ഷികളുടെ ഒരു യോഗം സംഘടിപ്പിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം അക്കാഡമിയുടെ കീഴിൽ ആരംഭിക്കുന്ന കോഴ്സുകൾ, ഫാക്കൽറ്റി അംഗങ്ങൾ, ചെലവ് എന്നിവയെക്കുറിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് അക്കാഡമി ചെയർമാനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| ബി) | ക്ഷേത്രകലാ അക്കാഡമിക്ക് ഇതുവരെയായി സർക്കാർ എന്തെങ്കിലും ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ മലബാറിലെ ക്ഷേത്രകലകൾ പഠിപ്പിക്കുന്നതിനായി രൂപീകരിച്ച ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനത്തിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നതുവരെ, തനത് ഫണ്ടിൽ നിന്നോ ബോർഡിന് നൽകിയിട്ടുള്ള ഗ്രാന്റ് തുകയിൽ നിന്നോ ആവശ്യമായ തുക ചെലവഴിച്ച് ക്ഷേത്ര കലാ അക്കാദമിയുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്? | സി) | അക്കാഡമി ചെയർമാന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ